കേരള സർക്കാർ

**സംഗ്രഹം**

സഹകരണവകുപ്പ് - സംസ്ഥാനത്തെ വിവിധ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ക്ഷാമബത്ത 01.07.2015 മുതൽ പ്രാബല്യത്തിൽ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

സഹകരണ (സി) വകുപ്പ്

സ.ഉ.(സാധാ)നം.758/2015/സഹ. തീയതി, തിരുവനന്തപുരം, 19.12.2015.

---

പരാമർശം:- 1) 11.09.2015 ലെ സ.ഉ.(സാധാ) നം. 561/2015/സഹ നമ്പർ ഉത്തരവ്.

2) 18.11.2015 ലെ സ.ഉ.(പി) നം. 525/2015/ഫിൻ നമ്പർ ഉത്തരവ്.

3) സഹകരണ സംഘം രജിസ്ട്രാരുടെ 08.12.2015 ലെ ഇ.എം(4) 53058/2015 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാർക്ക് 01.01.2015 മുതൽ പ്രാബല്യത്തിൽ പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സഹകരണ സ്ഥാപനങ്ങൾക്ക് 86% ക്ഷാമബത്തയും പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്ത സഹകരണ സ്ഥാപനങ്ങൾക്ക് പരിഷ്കരിച്ച സ്കെയിലിൽ 160% ക്ഷാമബത്തയും പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ 223% ക്ഷാമബത്തയും അനുവദിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) പരാമർശം (2) പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്ക് പരിഷ്കരണത്തിന് മുൻപുള്ള സ്കെയിലിൽ 11% ക്ഷാമബത്തയും, പരിഷ്കരിച്ച സ്കെയിലിൽ 6% ക്ഷാമബത്തയും 01.07.2015 മുതൽ പ്രാബല്യത്തിൽ അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ആയത് പ്രകാരം പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കിയ സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 6%വും പുതിയ ശമ്പള പരിഷ്കരണം നടപ്പിലാക്കാത്ത സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പരിഷ്കരിച്ച സ്കെയിലിൽ 9%വും പരിഷ്കരണത്തിന് മുമ്പുള്ള സ്കെയിലിൽ 11%വും അധിക ക്ഷാമബത്ത 01.07.2015 മുതൽ പ്രാബല്യത്തിൽ അനുവദിച്ച് നൽകാവുന്നതാണെന്ന് പരാമർശം (3) പ്രകാരം സഹകരണ സംഘം രജിസ്ട്രാർ ശുപാർശ ചെയ്തിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. സംസ്ഥാനത്തെ എല്ലാ സഹകരണ സ്ഥാപനങ്ങളിലെയും ജീവനക്കാരുടെ ക്ഷാമബത്ത 01.07.2015 മുതൽ പ്രാബല്യത്തിൽ ചുവടെ പറയും പ്രകാരം പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**പുതിയ ശമ്പളപരിഷ്കരണം നടപ്പിലാക്കിയ സഹകരണ സ്ഥാപനങ്ങൾ**

| പ്രാബല്യത്തീയതി | 01.01.2015 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2015 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2015 | 86% | 6% | 92% |

**പുതിയ ശമ്പളപരിഷ്കരണം നടപ്പിലാക്കാത്ത സഹകരണ സ്ഥാപനങ്ങൾ**

പരിഷ്കരിച്ച സ്കെയിലിൽ

| പ്രാബല്യത്തീയതി | 01.01.2015 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2015 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2015 | 160% | 9% | 169% |

പരിഷ്കരണത്തിന് മുമ്പുള്ള സ്കെയിലിൽ

| പ്രാബല്യത്തീയതി | 01.01.2015 ൽ നിലവിലുണ്ടായിരുന്ന ക്ഷാമബത്ത | 01.07.2015 മുതൽ വർദ്ധിപ്പിച്ച ക്ഷാമബത്ത | ആകെ അനുവദിച്ചിട്ടുള്ള ക്ഷാമബത്ത |
|---|---|---|---|
| 01.07.2015 | 223% | 11% | 234% |

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
പി. വേണുഗോപാൽ
ഗവൺമെന്റ് സ്പെഷ്യൽ സെക്രട്ടറി

1. സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.
   (ആമുഖ കത്ത് സഹിതം - വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തുന്നതിന് വേണ്ടി)
2. എല്ലാ ജില്ലാ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ)മാർക്കും.
3. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്, തിരുവനന്തപുരം.
4. മാനേജിംഗ് ഡയറക്ടർ, സംസ്ഥാന കാർഷിക ഗ്രാമ വികസന ബാങ്ക്, തിരുവനന്തപുരം.
5. എല്ലാ ജില്ലാ സഹകരണ ബാങ്കുകളിലേയും ജനറൽ മാനേജർമാർക്ക്.
6. സഹകരണ (എ, ബി, പി.എസ്) വകുപ്പുകൾ.
7. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ